യിൽ പറഞ്ഞാൽ അദ്ദേഹത്തിന് പിൻവലിക്കാമല്ലോ. ഞാൻ പിൻവലിക്കാൻ അഭ്യർതത്ഥിക്കുകയും ചെയ്തു. അതും കൂട്ടാക്കിയില്ല. 42 പേരുണ്ട്. ഇരുപതല്ല. ഇതാണ് കണക്ക്. കണക്ക് കൃത്യമാണ്.

III. ശ്രദ്ധക്ഷണിക്കൽ

(1) കേന്ദ്രസർക്കാർ തീരുമാനംമൂലം സംസ്ഥാനത്തെ സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം നേരിട്ടേക്കാവുന്ന പ്രശ്നങ്ങൾ

<u>ശ്രീ. എ. കണാരൻ</u> : സർ, റേഷൻ വില കുത്തനെ ഉയർത്താനും റേഷൻ വാങ്ങുന്നവരുടെ എണ്ണം വീണ്ടും പരിമിതപ്പെടുത്താനും 60 ലക്ഷം കാർഡുടമകളെ 15 ലക്ഷമാക്കി കുറയ്ക്കാനും കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റ് നടത്തുന്ന നീക്കം അങ്ങേയറ്റം പ്രതിഷേധാർഹമാണ്. കടുത്ത അമർഷത്തോടെ മാത്രമേ ഇതിനെ നോക്കാൻ നമുക്കുകഴിയൂ. സംസ്ഥാനത്താകെ വിലക്കയറ്റത്തിനും കടുത്ത ദുരിതത്തിനും വഴിവയ്ക്കുന്ന ഈ തീരുമാനത്തിൽനിന്നും കേന്ദ്ര സർക്കാർ ഏറ്റവും വേഗം, അടിയന്തിരമായി, പിന്തിരിയണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശം കേരളത്തിലെ സാധാരണക്കാരന് ഇരുട്ടടിയായി മാറുകയാണ്. ജനുവരി 31-ന് ബാംഗ്ലൂരിൽ വച്ചുകൂടിയ ഭക്ഷ്യ വകുപ്പുമന്ത്രിമാരുടെ സമ്മേളനത്തെത്തുടർന്നാണ് കേരളത്തിന്റെ ശക്തമായ പ്രതിഷേധത്തെ വകവയ്ക്കാതെ, എന്തു പറഞ്ഞിട്ടും കേൾക്കാതെ ഇവിടുത്തെ ജനങ്ങളെ കണ്ണീർ കുടിപ്പിക്കുന്ന നിർദ്ദേശം കേന്ദ്ര ഗവൺമെന്റ് നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെമേൽ അടിച്ചേൽപ്പിച്ചത്. നാണ്യവിളവിൽ പ്രാധാനമായ കേരളം ദീർഘകാലമായി വലിയ ഭക്ഷ്യധാന്യക്കമ്മി നേരിടുകയാണ്. ഇത്തരം ഒരു അവസ്ഥയിൽ കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടിയാണ് ഇവിടെ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം ഏർപ്പെടുത്തിയത്. 40 വർഷം മുമ്പ് തുടങ്ങിയതാണ് ഈ പ്രസ്ഥാനം. വിപുലമായ പൊതുവിതരണ സമ്പ്രദായം ഏർപ്പെടുത്തിയിട്ടാണ് കേരളം ഭക്ഷ്യാവശ്യങ്ങൾ നിർവഹിക്കുന്നത്. മുഴുവൻ ജനങ്ങളെയും റേഷന്റെ പരിധിയിൽ കൊണ്ടുവരുന്നതുകൊണ്ടാണ് സംസ്ഥാനത്തിന് വിലക്കയറ്റത്തെ നിയന്ത്രിക്കാനും പിടിച്ചുനിർത്താനും കഴിഞ്ഞത്. എന്നാൽ പൊതുവിതരണ സമ്പ്രദായത്തിന്റെ ഈ സാമൂഹ്യ സാമ്പത്തിക വശം കണ്ടില്ലെന്ന് നടിച്ച് ഈ ഇനത്തിലുള്ള ചെലവ് പാഴ്ച്ചെലവായി ചിത്രീകരിക്കാനാണ് മുൻ കേന്ദ്ര കോൺഗ്രസ്സ് ഗവൺമെന്റ് ശ്രമിച്ചത്. അതിന്റെയടിസ്ഥാനത്തിൽ റേഷൻ സബ്സിഡി വെട്ടിക്കുറച്ച് ഭക്ഷ്യധാന്യവില കമ്പോള നിരക്കിനു തുല്യമാക്കാനുള്ള നീക്കം കോൺഗ്രസ് ഗവൺമെന്റ് ആരംഭിച്ചുവെന്നുമാത്രമല്ല, ജനസംഖ്യയിൽ നല്ലൊരു വിഭാഗത്തെ റേഷൻ സംവിധാനത്തിനു പുറത്താക്കുകയും ചെയ്തു. ഇതാണ് കോൺഗ്രസ്സ് ചെയ്ത തെറ്റ്. കോൺഗ്രസ്സിന്റെ അതേ നയം തന്നെയാണ് ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റ് പിന്തുടരുന്നത്. അതിന്റെയടിസ്ഥാനത്തിൽ റേഷൻ വസ്തുക്കളുടെ വില വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം ബാംഗ്ലൂരിൽ വച്ചുകൂടിയ യോഗത്തിൽ ഉന്നയിക്കപ്പെട്ടുവെങ്കിലും ഗുണഭോക്താക്കളുടെ എണ്ണം വെട്ടിക്കുറച്ച് സംസ്ഥാനത്തിന്റെ മൊത്തം റേഷൻ വിഹിതം താഴോട്ട് കൊണ്ടുവരാനുള്ള നീക്കം കേന്ദ്രം ആലോചിച്ചുവരുന്നു. ഈ നടപടികൾ വിലനിലവാരം ഉയർത്തുമെന്ന കാര്യത്തിൽ തർക്കമില്ല. ജനജീവിതം ദുസ്സഹമാക്കും. അതുകൊണ്ട് ഇത്തരം ജനദ്രോഹ നടപടികളിൽ നിന്ന് പിന്തിരിയണം. ഇത്തരത്തിൽ ഏതുജനവിരുദ്ധ നീക്കത്തെയും കേരള ജനത ഒറ്റക്കെട്ടായി ചെറുക്കണം. സബ്സിഡി വെട്ടിക്കുറച്ച് വില

LIBRARY ARCHIVES Kerala Legislative Assembly

ഉയർത്താമെന്നുള്ള കേന്ദ്രനിർദ്ദേശം അംഗീകരിക്കാൻ സാധ്യമല്ല. ഭക്ഷ്യധാന്യത്തിന്റെ കാര്യത്തിൽ കടുത്ത കമ്മി നേരിടുന്ന സംസ്ഥാനമാണ് കേരളം. കേരളത്തിന്റെ ആവശ്യത്തിനുള്ളതിൽ നാലിലൊന്നുപോലും കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നില്ല എന്നതാണ് വസ്തുത. മറ്റു സംസ്ഥാനങ്ങളെ ആശ്രയിച്ചാണ് കേരളം നിലനിൽക്കുന്നത്. പൊതുവിതരണ സമ്പ്രദായത്തിലുള്ള ഭക്ഷ്യധാന്യം തന്നെയാണ് ഈ ജനങ്ങളുടെ മുഖ്യമായ ആശ്രയം. ദാരിദ്ര്യരേഖയ്ക്കു മുകളിലാണെന്ന് കണക്കാക്കപ്പെടുന്നവരിൽ ഭൂരിഭാഗവും പൊതുവിതരണ സമ്പ്രദായത്തെ ആശ്രയിക്കുന്ന സംസ്ഥാനമാണ് കേരളം. വില കൂടുന്നതും അരിലഭ്യത കുറയുന്നതും എല്ലാ വിഭാഗക്കാരേയും ഒരേപോലെയാണ് ബാധിക്കുന്നത്. ഇന്ത്യാരാജ്യത്താകമാനം ഭക്ഷ്യവസ്തുക്കൾക്ക് രൂക്ഷമായ വില അനുഭവപ്പെട്ടപ്പോൾ കേരളത്തിൽ വിലക്കയറ്റത്തെ പിടിച്ചുനിർത്തുന്നതിന് സാധിച്ചത് ഇവിടെ നിലവിലുള്ള പൊതുവിതരണ സമ്പ്രദായം നിലനിർത്തുന്നതിന്റെ ഫലമായിട്ടാണ്. ഇത് എല്ലാവരും അംഗീകരിക്കുന്ന ഒരു പച്ചപരമാർത്ഥമാണ്. 60 ലക്ഷം കുടുംബങ്ങളുടെ റേഷൻകാർഡ് ഇവിടെയുണ്ട്. ഓരോ കാർഡുടമയ്ക്കും അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ, പയർ വർഗ്ഗങ്ങൾ തുടങ്ങിയ സാധനങ്ങൾ ചുരുങ്ങിയ വിലയ്ക്ക് നൽകുന്നു. 1,48,000 ടൺ അരി ഇതുമൂലം കടകളിൽക്കൂടി വിതരണം ചെയ്യുന്നു. ഓരോ കാർഡിനും പലവ്യഞ്ജനങ്ങളും അരിയും പഞ്ചസാരയും വിതരണം ചെയ്യുന്നു. ഇതിനായി നമ്മുടെ സംസ്ഥാന ഗവൺമെന്റ് 126 കോടിരൂപ ചെലവാക്കുന്നതിനാണ് ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളത്. പത്ത് കിലോ അരി പകുതി വിലയ്ക്ക് 25,35,000 പേർക്ക് നൽകിവരുന്നു. വിലയെ നിയന്ത്രിക്കാൻ ഒട്ടുമുക്കാൽ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ നടത്തുന്നു. ഓണം, പെരുന്നാൾ, ക്രിസ്തുമസ് എന്നീ സമയങ്ങളിൽ 5 കിലോ അരിവീതം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ കുട്ടികൾക്ക് നൽകിവരുന്നു. നീതി സ്റ്റോറുകളും നീതി മെഡിക്കൽ സ്റ്റോറുകളും ആവശ്യാനുസരണം നാട്ടിൻപുറത്തും പട്ടണങ്ങളിലും നടപ്പാക്കിവരുന്നു. ഇത്തരം സംവിധാനങ്ങളാണ് വിലക്കയറ്റത്തെ പിടിച്ചുനിർത്തിയത്. സാധാരണ ജനങ്ങളുടെ വികാരം മനസ്സിലാക്കാൻ കഴിയാത്ത ക്രൂരതയുടെ മനോഭാവമാണ് ബി.ജെ.പി. സർക്കാർ സ്വീകരിക്കുന്നത്. ബി.ജെ.പി.യുടെ നയത്തിനനുകൂലമായ സാമ്പത്തിക നയമാണ് കോൺഗ്രസ്സും അനുവർത്തിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് അവർക്ക് ഇത്രയധികം ധിക്കാരമുണ്ടായത്. കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തോട് തെറ്റായ നിലപാടാണ് കോൺഗ്രസ്സ് സ്വീകരിച്ചുവന്നിട്ടുള്ളത്. ബഹു. പ്രതിപക്ഷ നേതാവ് കേന്ദ്ര മന്ത്രിയായിരുന്നപ്പോൾ അദ്ദേഹമെടുത്ത നിലപാട് തെറ്റായ നിലപാടായിരുന്നു. കോൺഗ്രസ്സ് ഈ തെറ്റ് തിരുത്തണം. കോൺഗ്രസ്സ് തെരഞ്ഞെടുപ്പു വിജ്ഞാപനത്തോട് തെറ്റായ നിലപാടാണ് സ്വീകരിച്ചത്. പ്രതിപക്ഷ നേതാവ് കേന്ദ്രമന്ത്രിയായിരുന്നപ്പോൾ നേരത്തെ പറഞ്ഞതുപോലെ പൊതുവിതരണം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കുമതി എന്ന തീരുമാനമെടുക്കുകയുണ്ടായി. അപ്പോൾ കേരളത്തിൽ അരിവില ഉയർന്നു. റേഷൻകടകളെല്ലാം അടച്ചുപൂട്ടുന്ന അവസ്ഥയുണ്ടായി. കോൺഗ്രസ്സിന്റെ നിലപാട് പുനഃപരിശോധിക്കണം. 13-ാം ലോക്സഭാ തെരഞ്ഞെടുപ്പിലുണ്ടായ പരാജയം ജനങ്ങൾ നൽകിയ തിരിച്ചടിയായി കോൺഗ്രസ്സ് കണക്കാക്കണം. പൊതുവിതരണ സമ്പ്രദായം നിലനിറുത്തണം. ഗവർണറുടെ നയപ്രഖ്യാപനത്തിൽ 126 കോടി രൂപ നീക്കിവച്ചത് സ്വാഗതാർഹമാണ്. സന്തോഷകരമാണ്. ജനങ്ങളാകെ അതിൽ അഭിനന്ദനമർഹിക്കുന്നു. ബി.ജെ.പി. ഗവൺമെന്റ് കേരളത്തോടു കാണിക്കുന്ന ക്രൂരതയ്ക്കെതിരായി ഒറ്റക്കെട്ടായി അണിനിരന്ന് തെറ്റുതിരുത്താൻ കഴിയണം. അതിന് ഗവൺമെന്റ് മുൻകൈയെടുക്കണം. നിയമസഭയിൽ ഒറ്റക്കെട്ടായി തെറ്റായ നയങ്ങൾക്കെതിരായി

LIBRARY ARCHIVES Kerala Legislative Assembly

പ്രമേയം പാസ്സാക്കി കേന്ദ്രത്തിലേയ്ക്ക് അയയ്ക്കണം. നമ്മുടെ കേരളത്തിലെ സകല സമരങ്ങളുടെയും ജീവത്യാഗങ്ങളുടെയും ഫലമായി മലയാളികൾ നേടിയെടുത്ത അവകാശങ്ങൾ കവർന്നെടുക്കാനുള്ള കേന്ദ്ര തീരുമാനത്തിനെതിരായി ശക്തമായ താക്കീതുനൽകുന്ന നടപടി സ്വീകരിക്കാനും ഗവൺമെന്റ് തയ്യാറാകണം. ഒറ്റക്കെട്ടായി ഈ നിലപാട് സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് വളരെ ഗൗരവമുള്ള, കേരളത്തെ മുഴുവൻ ബാധിക്കുന്ന പ്രശ്നമാണ്. എന്റെ വിശ്വാസം കേരളത്തിലെ എല്ലാ ആളുകൾക്കും, കക്ഷി പരിഗണനയ്ക്കതീതമായി, ഇന്ന് നിലവിലുള്ള റേഷൻ സമ്പ്രദായം തുടർന്നുപോകണമെന്നാണ് അഭിപ്രായമെന്നാണ്. എതായാലും ഈ നയങ്ങളിൽ ഒരു വ്യതിയാനം വരുത്തുന്നതിന്റെ ഭാഗമെന്നവണ്ണം ജനുവരി 31-ാം തീയതി ബാംഗ്ലൂരിൽ തെക്കേ ഇന്ത്യയിലെ ഭക്ഷ്യ വകുപ്പുമന്ത്രിമാരുടെ സമ്മേളനം വിളിച്ചുകൂട്ടി. അവിടെ അളവിന്റെ കാര്യത്തിലും വിലയുടെ കാര്യത്തിലും പ്രത്യേകം പ്രത്യേകം നിർദ്ദേശമുണ്ടായിരുന്നു. അളവിന്റെ കാര്യത്തിൽവച്ച നിർദ്ദേശം താഴെപ്പറയുന്നതാണ്.

1. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് നൽകുന്ന അരിയുടെ അളവ് പ്രതിമാസം 10 കിലോ എന്നത് 15 കിലോ ആയി വർദ്ധിപ്പിക്കുക. അതോടൊപ്പം ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ളവർക്ക് ഇതിന് ആനുപാതികമായി 35 ശതമാനം കുറവു വരുത്തുക.
2. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിഹിതം ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ളവർക്ക് കുറവു വരുത്താതെ 15 കിലോ ആയി വർദ്ധിപ്പിക്കുക.
3. ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ളവർക്ക് അരി നൽകുന്നത് പൂർണ്ണമായും നിർത്തലാക്കുക. താഴെയുള്ളവർക്ക് പ്രതിമാസം 20 കിലോ അരി നൽകുക.
4. ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ളവരെ പൊതുവിതരണത്തിൽ നിന്നും പൂർണ്ണമായും ഒഴിവാക്കി കേന്ദ്ര വിൽപ്പന നികുതി വർദ്ധിപ്പിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് പ്രതിമാസം 25 കിലോ അരി നൽകുക. ഈ നാല് ആൾട്ടർനേറ്റീവ്സാണ് സജസ്റ്റ് ചെയ്തത്.

ഇതോടൊപ്പം വിലയുടെ കാര്യത്തിലും ഉണ്ട്.

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉപഭോക്താക്കൾക്ക് ഒരു കിലോ അരിയുടെ വില 4 രൂപ എന്നത് 6 രൂപയോ 6.50 രൂപയോ ആകും.

(ബി) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് യഥാർത്ഥ വില ഇക്കണോമിക് കോസ്റ്റോ മാർക്കറ്റ് വിലയോ ഏതാണ് കുറവ് അതായിരിക്കും.

ഇത് നടപ്പാക്കിയാൽ ഒരു കിലോ അരിക്ക് 12 രൂപ നൽകേണ്ടിവരും. 9.60 പൈസക്ക് പകരമാണ് 12 ആക്കുന്നത്. ഈ പ്രൊപ്പോസൽ വന്നാൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് കൊടുക്കേണ്ടത് 6 രൂപയോ 6.50 രൂപയോ. അതിനു മുകളിലുള്ളവർക്ക് കൊടുക്കുകയാണെങ്കിൽത്തന്നെ. (കൊടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ആൾട്ടർനേറ്റീവ്സ് ഉണ്ട്.) 12 രൂപയെങ്കിലും ആകും. 1278 രൂപയാണ് കോസ്റ്റ് പ്രൈസ് കണക്കാക്കിയിരിക്കുന്നത്. അപ്പോൾ 12 രൂപയെങ്കിലും ആകും. ഇതാണ് പ്രൊപ്പോസൽ. ഇത് നടപ്പാക്കുകയാണെങ്കിൽ കേരളത്തിലെ റേഷൻ സംവിധാനം പാടേ തകരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതിന്റെ വേറൊരു ഫലം, കൊടുക്കുന്ന ഓമനപ്പേര് ഫുഡ് സെക്യൂരിറ്റി എന്നാണ്. ഇതിൽ ഏതു നടപ്പിലാക്കിയാലും ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവരുടെ കാര്യം വിടൂ. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഒരു കുടുംബത്തിന്റെ ഭക്ഷ്യ ധാന്യ ബഡ്ജറ്റ് 70 രൂപ മുതൽ 100 രൂപവരെ വർദ്ധിക്കും. 10 കിലോ 15 കിലോ ആക്കുമെന്നുള്ളതും 'ഫുഡ് സെക്യൂരിറ്റി' യെന്നുള്ള ആകർഷകമായ പേരും ഫലത്തിൽവരുമ്പോൾ ഭക്ഷ്യ ധാന്യങ്ങളുടെ വില വർദ്ധിക്കുകയേ ഉള്ളൂ. ഫുഡ് സെക്യൂരിറ്റിയുടെ ഏറ്റവും പ്രധാനപ്പെട്ട ഘടകം ആഹാരം ഉണ്ടാക്കുക എന്നത് മാത്രമല്ല എന്നാണ് എമിനന്റ് ഇക്കോണമിസ്റ്റ് ഡോ. അമർത്യ സെന്നിന്റെ famine പഠനത്തിൽ കാണിച്ചിട്ടുള്ളത്. ഭക്ഷ്യ ധാന്യങ്ങൾ ഉണ്ടെന്നുള്ളതുകൊണ്ടുമാത്രം ദാരിദ്ര്യമുണ്ടാകാതിരിക്കുകയില്ല. ഭക്ഷ്യ ധാന്യങ്ങൾ ഉണ്ടായാൽ മാത്രം പോരാ, ഇന്ത്യയിലെ കോടാനുകോടി സാധാരണക്കാരന്റെ ക്രയശക്തിക്കനുസരിച്ചുള്ള ഒരു വിലയ്ക്ക് അവയെ എത്തിച്ചില്ലെങ്കിൽ ഭക്ഷ്യധാന്യം ഉണ്ടെന്ന് പറയുന്നതിൽ യാതൊരർത്ഥവുമില്ല. ഇത് ഒരു കിലോ അരിക്ക് മൂന്നു രൂപ മുതൽ നാലുരൂപ വരെ കൂടത്തക്കവണ്ണമാണ് വരുന്നത്. ഇപ്പോൾത്തന്നെ ഈ വിലയുള്ളപ്പോൾ എത്രയോപേർ മുഴുവൻ അരിയും വാങ്ങാൻ കഴിയാത്തരീതിയിലുള്ള സാമ്പത്തിക ഞെരുക്കത്തിൽ കഴിയുകയാണ്. അതുകൊണ്ട് ഇത് സാധാരണക്കാരന്റെ ജീവിതത്തെ തകർക്കും. പൊതു വിപണിയിൽ വില വർദ്ധിക്കുവാൻ ഇടയാകും. 12 രൂപ വിലയ്ക്ക് തരുന്ന അരി അങ്ങേയ്ക്ക് അറിയാവുന്നതല്ലേ; അങ്ങ് തന്നെ എന്നോട് പറഞ്ഞിട്ടുണ്ട് ഏറ്റവും ക്വാളിറ്റി മോശമായിട്ടുള്ളതാണെന്ന്. ക്വാളിറ്റി മോശമായിട്ടുള്ള അരി 12 രൂപയ്ക്ക് കൊടുക്കണമെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം റേഷൻ കടയിൽ നിന്ന്..... ഇതിന് എതിരായിട്ട് നമ്മുടെ സമ്മേളനത്തിൽതന്നെ ശക്തിയായിട്ടുള്ള കേരളത്തിന്റെ വികാരം പ്രതിഫലിച്ചിട്ടുണ്ട്. ഇതുവളരെ അപകടകരമാണ്. ഈ രാജ്യത്തെ മനുഷ്യരോട് ചെയ്യേണ്ടത് ഇതല്ല. സ്വാതന്ത്ര്യസമര കാലത്തുള്ള മുദ്രാവാക്യം മനുഷ്യന്റെ ആഹാരം, കിടപ്പാടം, വസ്ത്രം ഇതാണ് മുദ്രാവാക്യം. ആഹാരത്തിന്റെ പ്രശ്നത്തിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലത്താരംഭിച്ച നയം അപ്പാടെ വെട്ടിത്തിരുത്തിയുണ്ടാക്കുന്ന ഈ നടപടി അപകടമാണെന്ന് ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഇതൊക്കെ അവിടെ പറഞ്ഞു, ഇതിനൊന്നും വലിയ വാദങ്ങളൊന്നും അവർക്ക് പറയുവാനില്ല. ഒറ്റക്കാരണം പറഞ്ഞു: നമ്മുടെ ഫിസ്കൽ ഡെഫിസിറ്റ് കൂടുതലാണെന്ന് അതു കുറയ്ക്കണമെങ്കിൽ സബ്സിഡികളെല്ലാം വെട്ടിക്കുറയ്ക്കണം. ഇന്നു പത്രത്തിൽ കണ്ടു, മണ്ണെണ്ണയുടെ വിലകൂട്ടുമെന്ന്. ഇത് അവർ എന്താണ് ചെയ്യുവാൻ പോകുന്നതെന്ന് അറിയില്ല. ഫെബ്രുവരി മാസം 17-ാം തീയതിയിലെ എം.പി.മാരുടെ സമ്മേളനത്തിലും ഇതിനെക്കുറിച്ചുള്ള നോട്ട് വിശദമായി കൊടുത്തിരിക്കുന്നു. അടിയന്തിരമായി പാർലമെന്റ് മെമ്പർമാർ ഇടപെടണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനു മുമ്പുതന്നെ അവരിടപെട്ടിട്ടുണ്ട്. ഇനിയും അവരിടപെടുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഈ കാര്യങ്ങളെല്ലാം അറിഞ്ഞതിനുശേഷവും നമ്മുടെ റേഷൻ സമ്പ്രദായത്തെ തകർക്കുന്ന രീതിയിലുള്ള സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുവാൻ പോകുന്നതെങ്കിൽ എല്ലാപേരുടെയും സഹായത്തോടുകൂടി, സംസ്ഥാനത്തെ റേഷൻ സമ്പ്രദായം തകർക്കാതിരിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുന്നതിന് ഗവൺമെന്റ് ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. എന്താണ് അവർ ചെയ്യാൻ പോകുന്നതെന്നതിനെ സംബന്ധിച്ച് പല

LIBRARY ARCHIVES Kerala Legislative Assembly

ആൾട്ടർനേറ്റീവ്സും വന്നിട്ടുണ്ടെങ്കിലും ഒരു വ്യക്തമായ തീരുമാനം ആയിട്ടില്ല. തീരുമാനം ഉണ്ടായിക്കഴിഞ്ഞാൽ തീർച്ചായായും അതിനെക്കുറിച്ച് നടപടി സ്വീകരിക്കാം.

<u>ശ്രീ. എ. കണാരൻ</u> : അങ്ങ് പറഞ്ഞതുപോലെ വല്ലാത്ത ഗുരുതരാവസ്ഥ ഇവിടെ നിലനിൽക്കുകയാണ്. കേരളത്തിലെ ജനങ്ങളോട് കാണിക്കുന്ന കടുത്ത തെറ്റിന് എതിരായി ഗവൺമെന്റോ പ്രതിപക്ഷമോ എന്നുനോക്കാതെ ഇവിടത്തെ നിയമസഭാ സാമാജികർ എല്ലാപേരെയും പൊളിറ്റിക്കൽ പാർട്ടികളെയും പൊതുജന സംഘടനകളെയും സർവീസ് സംഘടനകളെയും കക്ഷി രാഷ്ട്രീയത്തിനതീതമായി മുഴുവൻ ജനവിഭാഗങ്ങളെയും ഒന്നായി ച്ചേർത്ത്, ഈ പ്രതിസന്ധി പരിഹരിക്കുവാൻവേണ്ടി, ഗവൺമെന്റ് മുൻകൈ എടുക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : എന്റെ വിശ്വാസം ഈ കേരളത്തിലെ എല്ലാകക്ഷിയിൽപ്പെട്ടവരും യോജിച്ചുനിൽക്കുമെന്നാണ്. ബി.ജെ.പി.ക്കാർ ഉൾപ്പെടെയുള്ളവർക്ക് - ഞാൻ വ്യക്തിപരമായി സംസാരിച്ചില്ല - ഈ റേഷൻ സംവിധാനം വരുന്നതിൽ അവർക്കാർക്കും യോജിപ്പില്ല. ഈ കേന്ദ്രത്തിന്റെ നയത്തോട് ഏതിർപ്പുണ്ട്. അവരെല്ലാം ഇവിടെ യുനാനിമസ്സാണ്. നമ്മുടെ എം.പി.മാരോട് ഞാൻ എല്ലാം ബ്രീഫ് ചെയ്തിട്ടുണ്ട്. വളരെ ശക്തമായി നമ്മുടെ കേസ്സ് പ്രസന്റ് ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. ബാംഗ്ലൂർ സമ്മേളനത്തിൽത്തന്നെ അവസാനം അവർക്കുതന്നെ കൺസീഡ് ചെയ്യേണ്ടിവന്നു. കേരളത്തിന്റെ കാര്യം ഒരു സ്പെഷ്യൽ കൺസിഡറേഷനായി നോക്കാമെന്ന് പറഞ്ഞു. എത്രത്തോളം നോക്കും എന്നുള്ളത് ഇനി കണ്ടറിയണം. കേരളത്തിലും നോർത്ത് ഈസ്റ്റിലും (നോർത്ത് ഈസ്റ്റിൽ അരിയും പഞ്ചസാരയും ഉൽപ്പാദിപ്പിക്കുവാൻ കഴിയുകയില്ല; ഇവിടെയും പറ്റില്ല). ഇതൊരു സ്പെഷ്യൽ കേസ്സായിട്ട് കൺസിഡർ ചെയ്യേണ്ടതുണ്ട്. കേരളത്തിലെ മുഴുവൻ ജനതയും നിലവിലുള്ള സമ്പ്രദായം തുടരണമെന്നുള്ള കാര്യത്തിൽ യോജിക്കുമെന്നതാണ് എന്റെ വിശ്വാസം. അതിന് പ്രത്യേകമായി വിളിച്ചുകൂട്ടി യോഗം കൂടേണ്ട കാര്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല.

2. ചാലക്കുടി റിവർ ഡൈവെർഷൻ സ്കീം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത

<u>പ്രൊഫ. സാവിത്രി ലക്ഷ്മണൻ</u> : സർ, 13,530 ഹെക്ടർ സ്ഥലത്തെ കൃഷിഭൂമി വരണ്ട് ഉണങ്ങുന്ന ഒരു വല്ലാത്ത സാഹചര്യം സംജാതമായിട്ടുണ്ട്. മുകുന്ദപുരം, ആലുവ താലൂക്കുകളെ തുറിച്ചുനോക്കുന്ന ഈ പ്രശ്നം, പറവൂർ താലൂക്കുമൊക്കെ അഭിമുഖീകരിക്കേണ്ടിവരുന്ന ഈ പ്രശ്നം, കേരള വ്യാപകമായി ബുദ്ധിമുട്ടു സൃഷ്ടക്കുമെന്നുള്ളത് ഉറപ്പാണ്. ദയവായി രക്ഷിക്കണം. ജലസേചന വകുപ്പുമന്ത്രി മാത്രം വിചാരിച്ചാൽ കാര്യങ്ങൾ ഓടുകയില്ല എന്ന് അറിയാം. വിദ്യുച്ഛക്തി വകുപ്പുമന്ത്രിയും ഉത്സാഹിക്കണം. എന്നാലും പോരാ. മുഖ്യമന്ത്രിയുടെ കടുംപിടിത്തം പല കാര്യങ്ങളിലും നമ്മൾ കാണാറുള്ളതാണ്. ആ കടുംപിടിത്തത്തിന്റെ കരുത്ത് കർഷകർക്കുള്ള അത്താണിയായിട്ടു മാറണം. ശ്രീ. കരുണാനിധിയെന്ന അയൽവാസി മുഖ്യമന്ത്രിയുമായിട്ടുവേണം ഗുസ്തി പിടിക്കുവാൻ. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ കരുത്തുകാണിച്ച് കർഷകന് കനിവ് കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നത്. തുമ്പൂർമൂഴിയിൽ 1.9 മീറ്റർ ആഴത്തിൽ വെള്ളം കിട്ടിയേ തീരൂ. അല്ലെങ്കിൽ ചാലക്കുടി റിവർ ഡൈവെർഷൻ ഇറിഗേഷൻ സ്കീം അങ്ങനെതന്നെ സ്തംഭി

LIBRARY ARCHIVES Kerala Legislative Assembly